<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2318** — **23.03.2012 ൽ മറുപടിക്ക്**

## ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സിസ്റ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി.ജലീൽ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പത്മനാഭസ്വാമി ക്ഷേത്ര ത്തിന്റെ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സിസ്റ്റം ഏർപ്പെടുത്തുന്നതിന് കെൽട്രോൺ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ച പ്രകാരമുള്ള ഉപകരണങ്ങൾ ഉൾപ്പെടുന്ന ഇന്റർഗ്രേറ്റഡ് സെക്യൂരിറ്റി സിസ്റ്റം മൂന്നുഘട്ടമായി നടപ്പിലാക്കുന്ന രീതിയിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എന്തു തുക ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു; | (ബി) ഇതിന് താഴെപറയുന്ന പ്രകാരമുള്ള ചെലവ് പ്രതീക്ഷിക്കുന്നു.<br>ഒന്നാം ഘട്ടം - 9.80 കോടി രൂപ<br>രണ്ടാം ഘട്ടം - 3.66 കോടി രൂപ<br>മൂന്നാം ഘട്ടം -10.14 കോടി രൂപ<br>**ആകെ തുക - 23.60 കോടി രൂപ** |
| (സി) ഏത് കമ്പനിയുടെ ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സിസ്റ്റമാണ് ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത പ്രോജക്ടിന് സംസ്ഥാന പോലീസ് നിർദ്ദേശിച്ച പ്രകാരമുള്ള മുപ്പതോളം വ്യത്യസ്ത ഉപകരണങ്ങൾ കേന്ദ്രീകൃത സംവിധാനം മുഖേന സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന വിധമാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതെല്ലാം തന്നെ അതി നൂതന സാങ്കേതിക വിദ്യയും വൈദഗ്ധ്യവും ആവശ്യമുള്ള താണ്. അതുകൊണ്ടുതന്നെ ഇപ്രകാരം ഗുണനില വാരം ഉറപ്പാക്കിക്കൊണ്ട് നിർമ്മിക്കുന്ന കമ്പനികളിൽ നിന്നോ അവരുടെ അംഗീകൃത ഏജൻസികളിൽ നിന്നോ ഉപകരണങ്ങൾ വാങ്ങിച്ചു സ്ഥാപിക്കുകയും കെൽട്രോൺ തന്നെ നേരിട്ട് സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന രീതിയിലാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) പ്രസ്തുത കമ്പനിയെ കണ്ടെത്തിയത് ഏത് നടപടി പ്രകാരമാണ്; വിശദമാക്കാമോ? | (ഡി) ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന കമ്പനികളോ അവരുടെ അംഗീകൃത ഏജൻസികളോ, ഇപ്രകാരം വിജയകരമായി സ്ഥാപിച്ചതിന്റെ പ്രവൃത്തി പരിചയവും, ഇന്ത്യയിൽ സർവ്വീസ് സെന്ററുകളോ, ഓഫീസുകളോ ഉള്ളവരെ ടെൻഡർ നടപടി മുഖേന തിരഞ്ഞെടുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**